5/6/25

Estd:1870 A.D.


സർക്കാർ മാനസികാരോഗ്യകേന്ദ്രം
പേരൂർക്കട പി.ഒ., തിരുവനന്തപുരം 695005
Govt. Mental Health Centre, Peroorkada P.O., Thiruvananthapuram – 695005
Phone – 0471 – 2433868, 0471-2432689, 0471-2434762, Email – mhctvpm@gmail.com


---

നമ്പർ: എച്ച്.ഡി.സി- 954/2025/മാ.ആ.കേ.,തിരു. തീയതി: 30/05/2025

## പുനർ ദർഘാസ് പരസ്യം

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ ഏറ്റെടുത്തു നടത്തുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ദർഘാസ് വിൽപ്പന ആരംഭിക്കുന്ന തീയതി -10/06/2025
2. ദർഘാസ് വിൽപ്പന അവസാനിക്കുന്ന തീയതി -17 /06/2025
3. ദർഘാസ് സ്വീകരിച്ച് തുടങ്ങുന്ന തീയതി -10 /06/2025
4. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി -17/06/2025
5. ദർഘാസ് തുറക്കുന്ന തീയതി - 18/06/2025
6. ദർഘാസ് ഫോമിന്റ വില –- രൂപ 600 + ജി.എസ്.ടി
7. നിരതദ്രവ്യം രൂപ 9000/-(സൂപ്രണ്ടിന്റെ പേരിലുള്ള ഡിഡി)
8. കുറഞ്ഞ വാടക 22000/-(രൂപ ഇരുപത്തി രണ്ടായിരം മാത്രം)
9. അടങ്കൽ തുക 2.64 ലക്ഷം
10. ദർഘാസുകൾ സൂപ്രണ്ട് മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം -5 എന്ന വിലാസത്തിൽ സമർപ്പിക്കേതാണ്. പൂർണ്ണ മേൽവിലാസം ഇല്ലാതെയും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതുമായ ദർഘാസുകൾ നിരാകരിക്കുന്നതാണ്. കൂടാതെ ദർഘാസ് സമർപ്പിക്കുന്നയാളുടെ തിരിച്ചറിയൽ രേഖ ടി സമയത്ത് സമർപ്പിക്കേതാണ്.
11. ഭക്ഷ്യ സുരക്ഷ ലൈസൻസ് നിലവിലുള്ളതും സർക്കാർ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തിയ തിന്റെ പരിചയസർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ് അല്ലാത്തപക്ഷം ദർഘാസുകൾ നിരാകരിക്കുന്നതാണ്.
12. ഏറ്റവും കൂടുതൽ തുകയ്ക്ക് ദർഘാസ് സമർപ്പിട്ടുള്ള ലേലക്കാരന്റെ പേരിൽ കരാർ ഉറപ്പിക്കുന്ന തുമാണ്.
13. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി മൂന്ന് മാസത്തെ വാടക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. ഡെപ്പോസിറ്റ് തുകയ്ക്ക് പലിശ നൽകുന്നതല്ല. ക്യാന്റീൻ കാലാവധി അവസാനിക്കുമ്പോൾ വാടക, കറന്റ് ചാർജ്ജ്, ഏതെങ്കിലും ഇനത്തിലുള്ള നികുതികൾ എന്നിവയിൽ കുടിശ്ശിക വരുത്തിയിട്ടുങ്കിൽ ആയത് ഡെപ്പോസിറ്റ് നൽകിയിരിക്കുന്ന തുകയിൽ നിന്നും കുറവു വരുത്തി ബാക്കി നൽകുന്നതാണ്.
14. കറണ്ട്, വെള്ളക്കരം,ഭക്ഷണശാല കെട്ടിടത്തിന് ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതി എന്നിവ സ്വന്തം ചെലവിൽ കരാറുകാരൻ നേരിട്ട് അടച്ച് ഇവയുടെ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് എല്ലാ മാസവും 10-ാം തീയതിക്കു മുൻപായി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
15. ഭക്ഷണ സാധനങ്ങളുടെ ഗുണമേൻമ, ക്യാന്റീനും അതിന്റെ ചുറ്റുപാടുകളുടെ ശുചീകരണം എന്നിവയുടെ മേൽനോട്ടം ഈ സ്ഥാപനത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ/ഹൗസ്കീപ്പിങ് ടീമിന്റെ നിയന്ത്രണത്തിലായിരിക്കും. ഭക്ഷണ സാധനങ്ങൾ ശുചിത്വത്തോടുകൂടി തയ്യാറാക്കേണ്ട തും നിശ്ചിത അളവിലും ഗുണനിലവാരത്തിലും ടെൻഡറിൽ പറയുന്ന നിരക്കിലും നൽകേണ്ടതാണ്.

16. ക്യാന്റീൻ കെട്ടിടത്തിന്റെ മാസ വാടക എല്ലാ മാസവും 5-ാം തീയതിക്കു മുൻപ് ഓഫീസിൽ അടക്കേണ്ടതാണ്.

17. ഭക്ഷണ സാധനങ്ങൾ മിതമായ നിരക്കിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും നൽകേണ്ടതും ഭക്ഷണ സാധനങ്ങളുടെ വിലവിവരപട്ടിക ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. മുൻകൂട്ടി അനുവാദമില്ലാതെ കരാർ കാലയളവിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ പാടുള്ളതല്ല.

18. ജീവനക്കാർക്ക് എല്ലാ ഭക്ഷണ സാധനങ്ങൾക്കും 20% വിലയിളവ് നിർബന്ധമായും നൽകേണ്ടതാണ്. (പുറമെ നിന്നും വിൽപ്പനയ്ക്ക് വെയ്ക്കുന്ന കമ്പനി നിലവാരമുള്ള സാധനങ്ങൾ ഒഴികെ)

19. ദർഘാസ് സ്ഥിരപ്പെടുത്തി എന്ന് ഉത്തരവ് കിട്ടിയാൽ പ്രസ്തുത വ്യക്തി/സ്ഥാപനം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) മുദ്ര പത്രം വാങ്ങി അതിൽ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്ന കരാർ എഴുതി നൽകേണ്ടതാണ്.

20. ക്യാന്റീൻ നടത്തുന്നതിനുള്ള കോർപ്പറേഷൻ ലൈസൻസ് കരാറുകാരൻ വാങ്ങേണ്ടതും സ്ഥാപന മേലധികാരിക്ക് അതിന്റെ പകർപ്പ് 2 മാസത്തിനകം നൽകേണ്ടതുമാണ്. അല്ലാത്ത പക്ഷം കരാർ റദ്ദാക്കുന്നതാണ്.

21. ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകിയതിനുശേഷം ഇരുവിഭാഗക്കാർക്കും കരാർ റദ്ദാക്കാവുന്നതാണ്.

22. ദർഘാസ് യാതൊരു കാരണവും പറയാതെ നിരാകരിക്കുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ സൂപ്രണ്ടിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ക്യാന്റീൻ നടത്തുന്നതിനുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കും. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

23. കാരണം വെളിപ്പെടുത്താതെ ടെണ്ടർ നടപടികൾ നിർത്തി വയ്ക്കാനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.വിശദവിരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

ഡോ. പ്രീതി ജെയിംസ്
സൂപ്രണ്ട്

പകർപ്പ്:

നോട്ടീസ് ബോർഡ്, മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

നോട്ടീസ്ബോർഡ് -

കളക്ടറേറ്റ്/ജില്ലാ മാതൃകാശുപത്രി, പേരൂർക്കട / എസ്.എ.റ്റി/മെഡിക്കൽ കോളേജ്, തിരുവനന്തപുരം/

ജനറൽ ആശുപത്രി/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്/./

നെഞ്ചുരോഗ നിർണ്ണയ ആശുപത്രി, പുലയനാർകോട്ട,

ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം/വില്ലേജ് ആഫീസ്, പേരൂർക്കട/എസ്.എ.പി.